## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.591 27-10-2011-ലെ മറുപടിക്ക്

### കേര സുരക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | തെങ്ങുകയറ്റം തൊഴിലാക്കിയിട്ടുള്ളവർക്കായി നാളികേര വികസന ബോർഡ് കേരസുരക്ഷ എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ എന്നു മുതലാണ് പദ്ധതി പ്രവർത്തനമാരംഭിച്ചത്; | (ബി) | 2008-2009 വർഷത്തിലാണ് പദ്ധതി പ്രവർത്തനം ആരംഭിച്ചത്. |
| (സി) | ഇതിലെ അംഗത്വത്തിനുള്ള പ്രായപരിധി വ്യക്തമാക്കുമോ; | (സി) | 18 മുതൽ 70 വയസ്സുവരെ |
| (ഡി) | ഒരു വർഷത്തെ ഇൻഷ്വറൻസ് പോളിസിയുടെ പ്രീമിയം എത്ര രൂപയാണ്; ഇതിൽ നാളികേര ബോർഡിന്റെ വിഹിതമെത്ര; | (ഡി) | ഒരു വർഷത്തെ ഇൻഷ്വറൻസ് പോളിസിയുടെ പ്രീമിയം 146 രൂപയാണ്. ഇതിൽ 75% നാളികേര വികസന ബോർഡ് വഹിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇതുപ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (ഇ) & (എഫ്) | 24 മണിക്കൂറും പരിരക്ഷ ലഭിക്കുന്ന അപകട ഇൻഷുറൻസ് പദ്ധതിയാണ്. ഇത് യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി ചേർന്നാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം മരണം/സ്ഥിരമായ പൂർണ്ണ അംഗവൈകല്യം (Death/ PTD) എന്നിവയ്ക്ക് 1 ലക്ഷം രൂപയും സ്ഥിരമായ ഭാഗിക അംഗവൈകല്യത്തിന് (Permanent Partial Disablement) 50,000 രൂപയും ആശുപത്രി ചിലവ് (Reimbursement) 10,000 രൂപയും ആംബുലൻസ് ചാർജ്ജ് 500 രൂപയും താത്കാലിക അംഗവൈകല്യത്തിന് (പരമാവധി 6 ആഴ്ച 500 രൂപ വീതം) 3000 രൂപയും കൂട്ടിരിപ്പുകാരന്റെ ചിലവിനായി (പരമാവധി 15 ദിവസം 50 രൂപ വീതം) 750 രൂപയും ശവസംസ്കാര ചടങ്ങുകൾക്കായി(അപകട മരണം) 2500 രൂപയും ലഭിക്കുന്നതാണ്. |
| (എഫ്) | ഇൻഷുറൻസ് പോളിസിപ്രകാരം ലഭിക്കാവുന്ന പരമാവധി ആനുകൂല്യം എത്രരൂപ ആണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ